**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1089** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഹേമ കമ്മീഷൻ റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മലയാള സിനിമയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയമിച്ച ഹേമ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്നും റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകളും ശിപാർശകളും എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ; | (എ) | ജസ്റ്റിസ് ഹേമ കമ്മിറ്റിയെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്. ജസ്റ്റിസ്.കെ.ഹേമ കമ്മിറ്റി 31.12.2019-നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്. സമിതിയുടെ ശിപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു ; കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയായിരുന്നു ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് ചുവടെ ചേർക്കുന്നു. i. സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, സുരക്ഷ തുടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക. ii. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക. iii. സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. iv. സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽ പേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. v. പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ തുടങ്ങിയവ മൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടി വരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. vi. സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗ നീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക. vii. 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക. ഹേമ കമ്മിറ്റിയുടെ ചെലവുകൾക്കായി 1,06,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സിനിമ ചിത്രീകരണ സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും ശുചിമുറി, വസ്ത്രം മാറാനുള്ള ഇടം തുടങ്ങിയവയുടെ അഭാവത്തെ കുറിച്ചും ഗൗരവകരമായ കണ്ടെത്തലുകൾ കമ്മീഷൻ നടത്തിയിട്ടുണ്ടോ; കമ്മീഷന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ്.കെ.ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള വർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കി വരുന്നു. ഹേമ സമിതിയുടെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്. ഇതിൻപ്രകാരം സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | ചലച്ചിത്രരംഗത്തേക്ക് കടന്നുവരുന്ന സ്ത്രീകൾ ലൈംഗിക പീഡനത്തിന് ഇരയാകുന്ന അനുഭവങ്ങൾ കമ്മീഷൻ തെളിവുസഹിതം ചൂണ്ടിക്കാണിക്കുകയുണ്ടായോ; എങ്കിൽ ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ്.കെ.ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ള വർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കി വരുന്നു. ഹേമ സമിതിയുടെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയ ങ്ങളാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്. ഇതിൻപ്രകാരം സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## ജസ്റ്റിസ് കെ.ഹേമ സമിതി റിപ്പോർട്ട് - ശുപാർശകൾ സംക്ഷിപ്തം

**1. സമിതി അദ്ധ്യക്ഷയായ ജസ്റ്റിസ് കെ.ഹേമ സമിതി നൽകിയ നിർദ്ദേശങ്ങൾ**

- കേരള സിനി എക്സിബിറ്റേഴ്സ് ആന്റ് എംപ്ലോയിസ് (റഗുലേഷൻ )ആക്ട്- 2020 എന്ന ചട്ടം നടപ്പിലാക്കുകയും നിയമപ്രകാരം ഒരു ട്രൈബ്യൂണൽ രൂപീകരിക്കുകയും ചെയ്യുക.
- സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്കെതിരെയും ഏതെങ്കിലും ഒരു വ്യക്തി ചെയ്യുന്ന കുറ്റകരമായ പ്രവർത്തി നിരോധിക്കുന്നതിനും പെനാൽറ്റി ഏർപ്പെടുത്തുന്നതിനുമുള്ള വ്യവസ്ഥകൾ രൂപീകരിക്കുക.

**2. സമിതി അംഗമായ ശ്രീമതി.റ്റി.ശാരദ നൽകിയ നിർദ്ദേശങ്ങൾ**

- ഇ-ടോയിലറ്റുകൾ
- സുരക്ഷിതമായ dress changing മുറികൾ
- ലൈംഗിക അതിക്രമങ്ങൾ തടയുക
- സ്ത്രീ-പുരുഷ ഭേദമന്യേ തുല്യ വേതനം ഏർപ്പെടുത്തുക
- സൈബർ ആക്രമണങ്ങൾക്കെതിരെ സർക്കാർ കർശന നടപടികൾ എടുക്കുക
- സിനിമാ വ്യവസായത്തിൽ ഇന്റേർണൽ കംപ്ലൈന്റ് കമ്മിറ്റി രൂപീകരിക്കുക
- ടെക്നിക്കൽ പഠനങ്ങളിൽ വനിതകൾക്ക് പ്രാതിനിധ്യം നൽകുക.
- പ്രസവം, ശിശുസംരക്ഷണം, ശാരീരിക വൈകല്യം എന്നിവയ്ക്ക് അവധി
- സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പ്രോത്സാഹിപ്പിക്കുക
- സിനിമാ ആർട്ടിസ്റ്റുകൾക്കുള്ള ക്ഷേമനിധി.

**3. സമിതി അംഗമായ ശ്രീമതി.കെ.ബി വൽസലകുമാരി നൽകിയ നിർദ്ദേശങ്ങൾ**

- രേഖാമൂലമുള്ള കരാറിന്റെ ആവശ്യകത
- ലിംഗഭേദത്തിൽ അടിസ്ഥാന ഓൺലൈൻ പരിശീലനം
- ജോലിസ്ഥലത്ത് മദ്യവും മയക്കമരുന്നും ഉപയോഗിക്കരുത്
- സ്ത്രീ-പുരുഷ ഭേദമന്യേ തുല്യ വേതനം ഏർപ്പെടുത്തുക
- ജൂനിയർ ആർട്ടിസ്റ്റുകൾക്ക് മിനിമം വേതനം.
- പരാതികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം
- താമസത്തിലും ഗതാഗതത്തിലും സ്ത്രീകളുടെ സുരക്ഷയും സുരക്ഷയും
- സമഗ്രമായ സിനിമാ നയം
- സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിന് ബജറ്റ് വിഹിതം.
- എല്ലാ താലൂക്കുകളിലും രണ്ടോ അതിലധികമോ തീയറ്ററുകൾ

സെക്ഷൻ ഓഫീസർ